(ഡി) കാഷ്വൽ, ഡയിലി ജീവനക്കാർ എത്ര;

(ഇ) ഹൈഡൽ സ്റ്റേഷൻസ് ബോർഡിന്റേത് എത്ര; അവയുടെ മൊത്തം സ്ഥാപിത ശേഷിയും മെഗായൂണിറ്റും എത്ര;

(എഫ്) തെർമൽ സ്റ്റേഷൻസ് ബോർഡിന്റേത് എത്ര; അവയുടെ മൊത്തം സ്ഥാപിത ശേഷിയും മെഗായൂണിറ്റും എത്ര;

(ജി) ഹൈഡൽ ഐ.പി.പി.കളെത്ര; അവയുടെ സ്ഥാപിതശേഷിയും മെഗാ യൂണിറ്റും എത്ര?

ഉത്തരം

(എ) വ്യക്തമാക്കുന്നു.

(ബി) 72,25,575 ഉപഭോക്താക്കൾ

(സി) 24,721 സ്ഥിരജീവനക്കാർ

(ഡി) വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമെ കാഷ്വൽ ദിവസ വേതന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താറുള്ളു. അതിന്റെ വിവരം പ്രത്യേകം സൂക്ഷിക്കാറില്ല.

(ഇ) ബോർഡിന്റെ ഹൈഡൽ സ്റ്റേഷൻസ്—22 എണ്ണം

മൊത്തം സ്ഥാപിതശേഷി—1807.60 മെഗാവാട്ട്

മൊത്തം ഉൽപ്പാദന ശേഷി—6672.12 മില്ല്യൻ യൂണിറ്റ്

(എഫ്) ബോർഡിന്റെ തെർമൽ സ്റ്റേഷനുകൾ—2 എണ്ണം

സ്ഥാപിതശേഷി—234.60 മെഗാവാട്ട്

വാർഷിക ഉൽപ്പാദനശേഷി—1502 മില്ല്യൻ യൂണിറ്റ്

(ജി) ഹൈഡൽ ഐ. പി. പി. -കൾ ഒന്നും തന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കഞ്ചിക്കോട്ടെ വ്യവസായ സ്ഥാപനങ്ങളുടെ വൈദ്യുതി കുടിശ്ശിക

178 [1758] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത കമ്പനികളുടെ പേര് വിവരവും സംഖ്യയും കാലയളവും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സംഖ്യ പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി മോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) മറുപടി അനുബന്ധം †1(a)-യും †1(b)-യും ആയി ചേർക്കുന്നു.

(സി) വൈദ്യുതി ബന്ധം വിച്ഛേദിക്കുക, നീക്കം ചെയ്യുക, റവന്യൂ റിക്കവറി നടത്തുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കഞ്ചിക്കോട് മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിൽ 2002 മുതൽ 2004 വരെയുള്ള കാലയളവിൽ എ.പി.റ്റി.എസ്. നടത്തിയ പരിശോധനകളിലും ഓപ്പറേഷൻ വജ്ര എന്ന പേരിൽ നടത്തിയ പരിശോധനകളിലും നിരവധി വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി മോഷണം നടത്തുന്നതായി കണ്ടെത്തുകയുണ്ടായി. പരിശോധന സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. †

അട്ടപ്പാടിയിലെ കർഷകരുടെ വൈദ്യുതി ബിൽ കുടിശ്ശിക

179 [1759] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച കാരണം കൃഷിനാശം സംഭവിച്ച അട്ടപ്പാടിയിലെ കർഷകർ വൈദ്യുതി ബിൽ അടയ്ക്കാനാകാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ വൈദ്യുതി ബില്ലിന്മേലുള്ള പിഴസംഖ്യ ഒഴിവാക്കാനും കുടിശ്ശിക തുക ഗഡുക്കളായി അടയ്ക്കാനും അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് പ്രത്യേക നിവേദനങ്ങളോ അപേക്ഷകളോ ലഭിച്ചിട്ടില്ല.

(ബി) കുടിശ്ശിക തവണകളാക്കി കൊടുക്കുവാൻ നിലവിൽ സംവിധാനം ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly